(എ) കലാസാംസ്കാരിക സാഹിത്യരംഗങ്ങളിൽ പ്രവർത്തിച്ചിരുന്ന കാർട്ടൂണിസ്റ്റ് ശങ്കർ, മാങ്കുളം വിഷ്ണു നമ്പൂതിരി, തോപ്പിൽ ഭാസി, കാമ്പിശ്ശേരി കരുണാകരൻ, പി. കേശവദേവ്, കെ.പി.എ.സി. കേശവൻ പോറ്റി തുടങ്ങി മൺ മറഞ്ഞ സാംസ്കാരിക നായകന്മാരെ ആദരിക്കാൻ സാംസ്കാരിക വകുപ്പ് എന്തെങ്കിലും നടപടികൾ കൈക്കൊണ്ടിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ അതിനു ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ)&(ബി) സാംസ്കാരിക വകുപ്പ് സംഘടിപ്പിക്കുന്ന പരിപാടികളിൽ മൺമറഞ്ഞ സാംസ്കാരിക നായകന്മാരെ അനുസ്മരിച്ച് ആദരിക്കാറുണ്ട്.

32 (2723) കേരള കലാമണ്ഡലം

ശ്രീ. കെ. സുധാകരൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. കെ.സി. ജോസഫ് :
ശ്രീ. കെ.പി. വിശ്വനാഥൻ :
ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള കലാമണ്ഡലം ഒരു സർവകലാശാലയാക്കുവാൻ ഉദ്ദേശമുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിനുവേണ്ടി എന്തെല്ലാം നടപടികൾ ഇതുവരെ കൈക്കൊണ്ടിട്ടുണ്ട്;

(സി) ഈ സ്ഥാപനം എന്നേയ്ക്ക് സർവകലാശാലയാക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ).(ബി)&(സി) കേരള കലാമണ്ഡലം ഒരു കല്പിത സർവകലാശാല (ഡീംഡ് യൂണിവേഴ്സിറ്റി) യാക്കണമെന്ന് സംസ്ഥാന സർക്കാർ നയപരമായ തീരുമാനമെടുത്തിട്ടുണ്ട്. ഇക്കാര്യത്തിൽ അന്തിമ തീരുമാനമെടുക്കേണ്ടത് യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷനും കേന്ദ്രസർക്കാരുമാണ്.

33 (2724) ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. പി.ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് എത്ര പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചു;

(ബി) ഇവയുടെ എത്ര കോപ്പിവീതം അച്ചടിച്ചുവെന്നും എത്ര കോപ്പി വീതം വിറ്റഴിഞ്ഞുവെന്നും അറിയിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിനുവേണ്ടി ആരെല്ലാമാണ് പുസ്തകങ്ങൾ രചിച്ചത്;

(ഡി) ഇവർക്ക് ബാലസാഹിത്യരചനയിലുള്ള പരിചയവും പരിശീലനവും എന്തെല്ലാമായിരുന്നു?

ഉത്തരം

(എ)&(ബി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ബാലസാഹിത്യഇൻസ്റ്റിറ്റ്യൂട്ട് പുതുതായി 170 പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചു. 83 പുസ്തകങ്ങൾ റീ പ്രിന്റായും അച്ചടിച്ചു. കൂടാതെ ഓരോ മാസവും തളിര് എന്ന ബാലമാസികയും പ്രസിദ്ധീകരിക്കുന്നുണ്ട്. ഈ കാലയളവിൽ മൊത്തം 275769 കോപ്പികൾ വിറ്റിട്ടുണ്ട്.

(സി) ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിനുവേണ്ടി ബാലസാഹിത്യരംഗത്ത് പേരെടുത്തവരും എഴുതാൻ കഴിവുള്ളവരുമായ സാഹിത്യകാരന്മാരാണ് പുസ്തകങ്ങൾ രചിക്കുന്നത്.

(പുസ്തകങ്ങളുടെയും ഗ്രന്ഥകാരന്മാരുടെയും പേരുവിവരം അനുബന്ധമായി കൊടുക്കുന്നു)†

(ഡി) ബാലസാഹിത്യരംഗത്ത് സ്വന്തം രചനകൾ വഴി അംഗീകാരം നേടിയ എഴുത്തുകാരുടെ കൃതികൾ, എഡിറ്റോറിയൽ സമിതി പരിശോധിച്ച് പ്രസിദ്ധീകരണസമിതിയുടെ അംഗീകാരം നേടിയതിനുശേഷമാണ് പുസ്തകങ്ങൾ പ്രസിദ്ധീകരണത്തിനായി തെരഞ്ഞെടുക്കുന്നത്. ബാലസാഹിത്യകാരന്മാർക്കുള്ള പരിചയവും പരിശീലനവും രചന വഴി അതതു സാഹിത്യകാരന്മാർ തന്നെ ആർജ്ജിക്കുന്നവയാണ്.

34 (2725) പെൻഷൻ നടപ്പാക്കുന്നതിലെ കാലതാമസം

ശ്രീ. എൻ. കണ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്, എൻസൈക്ലോപീഡിയ എന്നിവിടങ്ങളിൽ ഇപ്പോൾ ആകെ എത്ര ജീവനക്കാരാണ് ജോലി ചെയ്യുന്നത് എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സ്ഥാപനങ്ങളിൽനിന്ന് റിട്ടയർ ചെയ്യുന്ന ജീവനക്കാർക്ക് പെൻഷൻ നൽകുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ;

(സി) എങ്കിൽ തീരുമാനമെടുത്തത് എന്നാണ് എന്ന് വെളിപ്പെടുത്തുമോ;

(ഡി) പ്രസ്തുത സ്ഥാപനങ്ങളിൽ പെൻഷൻ അനുവദിക്കുന്നതിനുള്ള കാലതാമസം എന്താണെന്ന് വെളിപ്പെടുത്തുമോ;

(ഇ) പ്രസ്തുത സ്ഥാപനങ്ങളിൽ പെൻഷൻ എന്നുമുതൽ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly